# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2009-2010 മുതൽ 2011-2012 വരെയുള്ള വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 1,01,007/-(ഒരു ലക്ഷത്തി ഒരായിരത്തി ഏഴ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.1981/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.16.09.2019.

---

പരാമർശം:- 1) പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.06.2015 ലെ എ 3-7484/14 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 09.05.2016 ലെ എം3-12629/2016 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 19.12.2017 ലെ കെ.എസ്.എ.7357/പി.റ്റി.2/16 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിലെ 2009-10 മുതൽ 2011-12 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം 1,01,007/-രൂപ തടസ്സപ്പെടുത്തിയിരുന്നു. സബ് സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതി നടപ്പിലാക്കിയതിനാലായിരുന്നു ടി തടസ്സപ്പെടുത്തൽ നടത്തിയത്. തടസ്സപ്പെടുത്തലിനെ തുടർന്ന് പ്രസ്തുത ഓഡിറ്റ് ഖണ്ഡികയായ 3.4 ന് സാധൂകരണം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് ഉചിത മാർഗ്ഗേന നൽകിയ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ പരാമർശം(2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ആയതിൻമേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടാവശ്യപ്പെടുകയും പരാമർശം (3) പ്രകാരം ആയത് ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

**2.** സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, സാധൂകരണം നൽകുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, നെൽകൃഷിക്ക് ആവശ്യമായ രാസവളങ്ങൾ നൽകിയതിന് പുറമേ പാടത്ത് വിതയ്ക്കുന്നതിന് പയർവിത്തും നൽകിയിട്ടുണ്ടെന്ന കൃഷി ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിലുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ എന്നിവ കണക്കിലെടുത്തും സാധൂകരണം സംബന്ധിച്ച കാര്യത്തിൽ യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ചും പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിലെ 2009-10 മുതൽ 2011-12 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 1,01,007/- (ഒരു ലക്ഷത്തി ഒരായിരത്തി ഏഴ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**